## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: * 314 — 30.01.2014 ൽ മറുപടിക്ക്

### **ആറൻമുള വിമാനത്താവള പദ്ധതി നിർമ്മാണത്തിനുള്ള മുൻകരുതലുകൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ:<br>" കെ. മുഹമ്മദുണ്ണി ഹാജി:<br>" പി. ഉബൈദുള്ള:<br>" പി.ബി. അബ്ദുൾ റസാക്: | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) ആറന്മുള വിമാനത്താവള പദ്ധതിക്ക് പ്രാഥമിക നടപടികൾ ആരംഭിച്ചത് എന്നാണ്, മുൻസർക്കാരിന്റെ കാലത്ത് ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്നത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ; | (എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് 14.09.2009 ലെ നം. AV.20015/015/2009-AD നമ്പർ കത്ത് പ്രകാരം പദ്ധതിക്കനുമതി പരിഗണിക്കുന്നതിനായി കെ.ജി.എസ് ആറന്മുള എയർപോർട്ട് ലിമിറ്റഡ് കമ്പനി സമർപ്പിച്ച അപേക്ഷയിൽ കേന്ദ്ര വ്യോമയാന മന്ത്രാലയം സംസ്ഥാനസർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. തുടർന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയം ആവശ്യപ്പെട്ടതനുസരിച്ച് എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ പ്രസ്തുത പദ്ധതിയുടെ സാദ്ധ്യതാപഠനം നടത്തുകയും ശുപാർശകൾ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിനു നല്കുകയും ചെയ്തു. ആറന്മുള വിമാനത്താവള പദ്ധതിയ്ക്ക് തത്വത്തിലുള്ള അംഗീകാരം നൽകുന്നതിനുള്ള KGS Aranmula Airport Ltd- ന്റെ അപേക്ഷ 21.04.2010- ൽ ലഭിക്കുകയും മന്ത്രിസഭയുടെ അംഗീകാരത്തോടു കൂടി 08.09.2010 ലെ G.O (Rt) No. 1262/2010/ID ഉത്തരവ് പ്രകാരം പദ്ധതിയ്ക്കായി നിലവിലുള്ള നിയമവ്യവസ്ഥകൾക്ക് വിധേയമായി മാത്രം സ്വന്തം നിലയിൽ ഭൂമി പ്രമോട്ടർ കണ്ടെത്തണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഈ പദ്ധതിയ്ക്ക് വ്യവസായ വകുപ്പ് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തു. പിന്നീട് 24.02.2011 ലെ ജി.ഒ (പി) നം. |

| | | | |
|---|---|---|---|
| | | | 54/11/വ്യവ നമ്പർ ഉത്തരവ് പ്രകാരം പത്തനംതിട്ട ജില്ലയിലെ ആറന്മുള, മല്ലപ്പുഴശ്ശേരി, കിടങ്ങന്നൂർ എന്നീ വില്ലേജുകളിലെ 500 ഏക്കറോളം ഭൂമിയെ Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999 (5 of 2000) അനുസരിച്ച് സംസ്ഥാനത്തെ ഒരു വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചു. |
| (ബി) | പരിസ്ഥിതിക്കും, സമീപവാസികൾക്കും ദോഷകരമാവാത്തവിധം പദ്ധതി നടപ്പാക്കാൻ എന്തൊക്കെ മുൻ കരുതലുകളാണ് പദ്ധതി നിർമ്മാണ കമ്പനിയും സർക്കാരും സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | 22.02.2011- ൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനു മുന്നോടിയായുള്ള പബ്ലിക് ഹിയറിംഗ് (പൊതുജനാഭിപ്രായം) നടത്തുന്നതിനുള്ള നോട്ടീസ് പ്രസിദ്ധീകരിച്ചു. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 10.03.2011ന് പബ്ലിക് ഹിയറിംഗ് നടത്തുവാൻ തീരുമാനിച്ചെങ്കിലും തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തെ തുടർന്ന് മാറ്റുകയും ആയത് 10.05.2011 ന് പത്തനംതിട്ട കളക്ട്രേറ്റിൽ വച്ച് നടത്തുകയും ജനപ്രതിനിധികളും തദ്ദേശവാസികളും വിവിധ സർക്കാർ ഇതര സ്ഥാപനങ്ങളുടെ പ്രതിനിധികളും പങ്കെടുക്കുകയും പദ്ധതിയെക്കുറിച്ചുള്ള അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. അന്നവിടെ ഉയർന്ന എല്ലാ സംശയങ്ങൾക്കും തൃപ്തികരമായ മറുപടി നല്കിയതിനെ തുടർന്ന് എല്ലാ അഭിപ്രായങ്ങളും ക്രോഡീകരിച്ച് ഏകകണ്ഠമായി മിനിട്സ് പാസാക്കുകയും ആയതിന്റെ കോപ്പി വീഡിയോ റിക്കാർഡിംഗ് സഹിതം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന ജില്ലാ കളക്ടർ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു. കെ.ജി.എസ് ആറന്മുള എയർപോർട്ട് ലിമിറ്റഡ് കമ്പനിയ്ക്ക് പാരിസ്ഥിതിക അനുമതി നൽകിക്കൊണ്ടുള്ള കേന്ദ്ര വനം പരിസ്ഥിതി |

മന്ത്രാലയത്തിന്റെ 18.11.2013 ലെ 10-51/2010/IA-III നമ്പർ കത്തിൽ പാരിസ്ഥിതിക സുരക്ഷയ്ക്ക് ആവശ്യമായ പ്രത്യേക നിബന്ധനകളും ആയതിലേയ്ക്കുള്ള പൊതു നിർദ്ദേശങ്ങളും നല്കിയിട്ടുണ്ട്. പ്രസ്തുത നിബന്ധനകൾ പാലിക്കാൻ കെ.ജി.എസ് ആറന്മുള എയർപോർട്ട് ലിമിറ്റഡ് കമ്പനി നിയമപരമായി ബാദ്ധ്യസ്ഥരാണ്. വിമാനത്താവളത്തിനായുള്ള ഭൂമിയുമായി ബന്ധപ്പെട്ട് ലാന്റ് സീലിംഗ്, കയ്യേറ്റം, അധികഭൂമി എന്നീ കാര്യങ്ങൾ 2008 ലെ നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിന്റെയും 1963 ലെ ഭൂപരിഷ്കരണ നിയമത്തിന്റെയും വെളിച്ചത്തിൽ പരിശോധിക്കുകയും പ്രസക്തമായ നിയമങ്ങൾക്കനുസരിച്ച് ആവശ്യമായ ക്ലിയറൻസുകൾ എയർപോർട്ട് പ്രമോട്ടർ നേടണം എന്നുമുള്ള നിബന്ധനകൾ പ്രകാരമേ പ്രമോട്ടർ പദ്ധതി നടപ്പിലാക്കാവൂ എന്നും തിരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ